പത്രക്കുറിപ്പ്
26-12-2017

# പിഎംഎവൈ: നഗരത്തിലെ ഭവന വായ്പ അപേക്ഷയുടെ അവസാന തിയതി നീട്ടി, ഇടത്തരക്കാർക്ക് കൂടുതൽ സഹായമാകാൻ മാനദണ്ഡങ്ങളിലും മാറ്റം

തിരുവനന്തപുരം: പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ)യുടെ ഭാഗമായ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി (സിഎൽഎസ്എസ്) സ്കീം അനുസരിച്ച് നഗരവാസികൾക്ക് ഭവന വായ്പയ്ക്ക് അപേക്ഷ നൽകാനുള്ള അവസാന തിയതി 2019 മാർച്ച് 31 വരെ നീട്ടി. നേരത്തേ 2018 മാർച്ച് 31 വരെയായിരുന്നു അപേക്ഷാ കാലാവധി. പുതിയ ഭേദഗതി അനുസരിച്ച് സിഎൽഎസ്എസ് പ്രവർത്തനങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രാലയം നേരിട്ട് നിരീക്ഷണം നടത്തുകയും ചെയ്യും. ഇന്ത്യ 75ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന 2022ൽ നഗരപ്രദേശത്ത് ഏവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പിഎംഎവൈ. കേരളത്തിൽ ലൈഫ് മിഷനുമായി സംയോജിച്ചാണ് പിഎംഎവൈയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിന്റെ ഭാഗമായി നഗരപ്രദേശത്തെ ഭവനരഹിതർക്ക് വീട് വാങ്ങുന്നതിനോ നിർമ്മിക്കുന്നതിനോ നിലവിലുള്ള വീടുകൾ താമസ യോഗ്യമാക്കുന്നതിനോ കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പദ്ധതിയാണ് സിഎൽഎസ്എസ്. കുടുംബശ്രീയാണ് കേരളത്തിൽ പിഎംഎവൈയുടെ നോഡൽ ഏജൻസി. കേരളത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി പിഎംഎവൈ നടപ്പിലാക്കുന്നതിനാൽ ലൈഫ് പദ്ധതിയുടെ നഗരത്തിലെ ഗുണഭോക്താക്കൾക്കും സിഎൽഎസ്എസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

കേരളത്തിൽ ഏതെങ്കിലും നഗരത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി സ്ഥിരതാമസക്കാരായവർക്കും കുടുംബത്തിലെ അംഗങ്ങളുടെ ആരുടെ പേരിലും ഇന്ത്യയിലൊരിടത്തും സ്ഥായിയ വാസയോഗ്യമായ വീടുകളില്ലാത്തവർക്കുമേ സ്കീമിന് അപേക്ഷിക്കാനാകൂ. ഈ സബ്സിഡി സ്കീം അനുസരിച്ച് 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള (സാമ്പത്തികമായി പിന്നോക്ക വിഭാഗം) കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വരെ പലിശ സബ്സിഡിയോടു കൂടി വായ്പ ലഭിക്കും. 6.5 ശതമാനമാണ് പലിശ സബ്സിഡി. 3 മുതൽ 6 ലക്ഷം വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കും (താഴ്ന്ന വരുമാന വിഭാഗം) ഇതേ നിരക്കിൽ വായ്പ ലഭിക്കും. 6 മുതൽ 12 ലക്ഷം വരെ വാർഷിക വരുമാനമുള്ള ഇടത്തര വരുമാന വിഭാഗക്കാർക്ക് 9 ലക്ഷം രൂപ വരെയുള്ള വായ്പ തുകയ്ക്ക് പലിശ സബ്സിഡി ലഭിക്കും. 4 ശതമാനമാണ് പലിശ സബ്സിഡി. 12 മുതൽ 18 ലക്ഷം വരെ വാർഷിക വരുമാനമുള്ള രണ്ടാം തലം ഇടത്തരക്കാർക്ക് പലിശ സബ്സിഡി ലഭിക്കുന്ന പരമാവധി വായ്പാതുക 12 ലക്ഷമാണ്. 3 ശതമാനമാണ് പലിശ സബ്സിഡി. എല്ലാ വായ്പകളുടെയും തിരിച്ചടവിനുള്ള കാലാവധി 20 വർഷവും.

ഒന്നാം തലം ഇടത്തരക്കാർക്കും രണ്ടാം തലം ഇടത്തരക്കാർക്കും അനുവദനീയമായ കാർപ്പറ്റ് ഏരിയ യഥാക്രമം 90 ചതുരശ്ര മീറ്ററിൽ നിന്ന് 120 ചതുരശ്ര മീറ്ററായും 110 ചതുരശ്ര മീറ്ററിൽ നിന്ന് 150 ചതുരശ്ര മീറ്ററായും പുതിയ ഭേദഗതി അനുസരിച്ച് മാറ്റി. കേരളത്തിലെ 93 നഗരസഭകളിൽ നിന്ന് 68000 പേർ സിഎൽഎസ്എസിനായി ഇതുവരെ അപേക്ഷ നൽകിയിട്ടുണ്ട്. ഇതുവരെ ഇവരിൽ 4179 പേർക്ക് സിഎൽഎസ്എസ് വഴി വായ്പയും നൽകി കഴിഞ്ഞു. ഹഡ്കോയും നാഷണൽ ഹൗസിങ് ബാങ്കുമാണ് സിഎൽഎസ്എസിന്റെ കേന്ദ്ര നോഡൽ ഏജൻസി. മറ്റ് എല്ലാ നാഷണലൈസ്ഡ്- ഷെഡ്യൂൾഡ് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും ഈ കേന്ദ്ര നോഡൽ ഏജൻസികളുമായി കരാറിൽ ഒപ്പിട്ടുണ്ട്. കേരളത്തിൽ സംസ്ഥാന സഹകരണ ബാങ്കും കരാറിൽ ഒപ്പിട്ടിട്ടുണ്ട്. നഗരസഭകളിൽ നിന്ന് സിഎൽഎസ്എസ് സ്കീമിന് ഇപ്പോൾ മികച്ച പ്രതികരണമാണ് കുടുംബശ്രീയ്ക്ക് ലഭിച്ചു വരുന്നത്. നടപ്പു സാമ്പത്തിക വർഷം ഈ സ്കീം അനുസരിച്ച് 10000 പേർക്ക് വായ്പ നൽകാൻ ആക്സിസ് ബാങ്കും കുടുംബശ്രീയും തമ്മിൽ ധാരണയിലെത്തിയിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ